# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4291 — 28/06/2012-ലെ മറുപടിയ്ക്ക്

## ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (കേരള) സാറ്റലൈറ്റ് കാമ്പസ്സ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (കേരള) സാറ്റലൈറ്റ് കാമ്പസ് ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബ) ഉണ്ടെങ്കിൽ എവിടെയാണ് ഇത് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് പറയാമോ; | (ബി) കൊച്ചിയിൽ |
| (സി) പ്രസ്തുത കാമ്പസ്സിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (സി) അടിസ്ഥാനപരമായ മാനേജ്മെന്റ് ട്രയിനിംഗ് നൽകി കഴിവും അർപ്പണബോധവുമുള്ള ലീഡർമാരെയും മാനേജ്മെന്റിനെയും വാർത്തെടുക്കുകയും അതുവഴി രാഷ്ട്ര പുരോഗതിയെ ത്വരിതപ്പെടുത്തുകയുമാണ് സാറ്റ് ലൈറ്റ് കാമ്പസിന്റെ ഉദ്ദേശ്യം.<br><br>ദീർഘകാല – ഹ്രസ്വകാല കോഴ്സുകളിലൂടെ കഴിവുറ്റ ഒരു ബിസിനസ്സ് സമൂഹത്തെ വാർത്തെടുക്കുക, ഉന്നത നിലവാരമുള്ള വിദേശവിദ്യാഭ്യാസ സ്ഥാപന ങ്ങളുമായി ചേർന്ന് പ്രവർത്തിക്കുക, സാറ്റ് ലൈറ്റ് കാമ്പസിനു ചുറ്റുമുള്ള , മറ്റു ബിസ്സനസ്സ് സ്ഥാപനങ്ങൾ എന്നിവയ്ക്കു ഗുണകരമാകുന്ന രീതിയിൽ ഹ്രസ്വകാല ദീർഘകാല കോഴ്സുകൾ വാർത്തെടുക്കുക അതുവഴി ഇൻഫോ പാർക്കിലെ മറ്റു സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരമുള്ള വിദ്യാഭ്യസം നൽകുക എന്നിവയും ഇതിന്റെ ലക്ഷ്യമാണ്. |

| | |
|---|---|
| (ഡി) പ്രസ്തുത കാമ്പസ്സിനുവേണ്ടി സ്ഥലം വിട്ടുനല്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ഡി) ഇൻഫോപാർക്ക് കൊച്ചി രണ്ടാം ഘട്ടത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റിന്റെ സാറ്റലൈറ്റ് കാമ്പസിനു വേണ്ടി സ്ഥലം നല്കാൻ 25-04-2012 ലെ ഇൻഫോ പാർക്കിന്റെ ബോർഡ് ഓഫ് ഗവർണ്ണേഴ്സിന്റെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) പ്രസ്തുത കാമ്പസ്സ് തല്ക്കാലികമായി എവിടെയാണ് പ്രവർത്തിക്കാനുദ്ദേശി ക്കുന്നത്; പ്രസ്തുത കാമ്പസ്സിൽ പ്രവേശനം എന്ന് മുതൽ ആരംഭിക്കു വാനാണ് തീരുമാനിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ? | (ഇ) ഇൻഫോ പാർക്ക് കൊച്ചിയുടെ ഒന്നാം ഘട്ടത്തിലാണ് സാറ്റലൈറ്റ് കാമ്പസ് താൽക്കാലികമായി പ്രവർത്തിക്കുന്നത്. ഇവിടെ 2012 നവംബർ മുതൽ പ്രവേശനം നല്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ